പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1087

05/03/2020-ൽ മറുപടിയ്ക്ക്

**പാഞ്ഞാൾ ഗവ. ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി ഹൈടെക് നിലവാരത്തിൽ ഉയർത്തി മൂന്നുകോടി രൂപ അനുവദിച്ച ചേലക്കര നിയോജകമണ്ഡലത്തിലെ പാഞ്ഞാൾ ഗവ. ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെന്റർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്ന് വ്യക്തമാക്കാമോ; എസ്.പി.വി. ആയി ചുമതലപ്പെടുത്തിയത് ഏതു സ്ഥാപനത്തെയാണ്;<br><br>(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (എ), (ബി) & (സി) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച് ഭൗതിക സാഹചര്യ വികസന പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജക മണ്ഡലത്തിലെ പാഞ്ഞാൾ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. ടി സ്കൂളിന്റെ പ്രവൃത്തിക്കായി കൈറ്റ് ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് 'കൈറ്റ് നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി ഏതാനും സ്കൂളുകളുടെ എസ്.പി.വിയെ മാറ്റണമെന്നാവശ്യപ്പെട്ട് സർക്കാരിലേക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV യായി INKEL -നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൽ പാഞ്ഞാൾ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. 'ഇൻകെൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha.P

സെക്ഷൻ ഓഫീസർ